*Circular No.1/2015*

ദൈവകൃപയാൽ

***നിരണം ഭദ്രാസന ഇടവകയുടെ***

# ***യൂഹാനോൻ മാർ ക്രിസോസ്റ്റമോസ് മെത്രാപ്പോലീത്തായിൽ നിന്നും***

നമ്മുടെ എല്ലാ പള്ളികളിലെയും വികാരിമാരും, ദേശത്ത് പട്ടക്കാരും, പള്ളി കൈസ്ഥാനികളും, ശേഷം ജനങ്ങളും കൂടിക്കണ്ടൊൽ നിങ്ങൾക്ക് വാഴ്വ്.

പ്രിയരെ,

നമ്മുടെ വാങ്ങിപ്പോയ ആചാര്യന്മാരുടെ ഓർമ്മ 2015 ഫെബ്രുവരി മാസം **1** – ാം തീയതി ഞായറാഴ്ച ആണല്ലോ. അന്നേ ദിവസം വി. കുർബ്ബാനയിൽ അവരെ ഓർക്കുകയും ധൂപപ്രാർത്ഥന നടത്തുകയും ചെയ്യണം. മുൻ പതിവുപോലെ ആ ദിവസത്തെ കാണിക്ക **ഇൻവെലീഡ് ക്ലർജി ഫി** ലേക്ക് മാർച്ച് മാസം **9** - ാം തീയതിയ്ക്ക് മുമ്പായി ഭദ്രാസന സെക്രട്ടറി, ബഥനി അരമന, തിരുവല്ലാ എന്ന വിലാസത്തിൽ നിർബന്ധമായും അയച്ചു കൊടുക്കണമെന്ന് താത്പര്യപ്പെടുന്നു.

ഭദ്രാസന ദിന കവർ പിരിവ് ഇടവകകളിൽ പൂർത്തീകരിച്ചുകൊിരിക്കുകയാണല്ലൊ . പിരിവ് പൂർത്തീകരിച്ച് കവർ പിരിവും ഭദ്രാസനദിനത്തിലെ കാണിക്കയും കൂടി മാർച്ച് **9** – ാം തീയതിയ്ക്ക് മുമ്പായി ഭദ്രാസന ഓഫീസിൽ അടയ്ക്കണമെന്ന് താൽപര്യപ്പെടുന്നു.

നമ്മുടെ ഭദ്രാസനത്തിലെ വിവിധ മേഖലകളിലുള്ള ഇടവകകളുടെ സംയുക്താഭിമുഖ്യത്തിൽ നടത്തപ്പെടുന്ന കൺവൻഷനുകളുടെ തീയതികൾ ഇതോടൊപ്പം നിങ്ങളെ അറിയിക്കുന്നു. തിരുവല്ല സെൻട്രൽ കൺവൻഷൻ 2015 ജനുവരി **28** മുതൽ ഫെബ്രുവരി **1** വരെയും, കല്ലൂപ്പാറ കൺവൻഷൻ ഫെബ്രുവരി **1** മുതൽ **8** വരെയും, മല്ലപ്പള്ളി കൺവൻഷൻ ഫെബ്രുവരി **23** മുതൽ **26** വരെയും നടത്തപ്പെടുന്നതാണ്. കൺവൻഷന്റെയും അതിനോടനുബന്ധിച്ചുള്ള ആദ്ധ്യാത്മിക സമ്മേളനങ്ങളുടെയും വിശദവിവരങ്ങൾ ചുമതലക്കാർ നിങ്ങളെ അറിയിക്കുന്നതാണ്. പ്രസ്തുത യോഗങ്ങളുടെ അനുഗ്രഹകരമായ നടത്തിപ്പിനുവേി നിങ്ങൾ പ്രത്യേകം പ്രാർത്ഥിക്കുകയും, യോഗങ്ങളിൽ പോയി സംബന്ധിച്ച് അനുഗ്രഹം പ്രാപിക്കുകയും ചെയ്യണം.

ശേഷം പിന്നാലെ,ദൈവം അനുഗ്രഹിക്കട്ടെ

എന്ന്, 2015 ജനുവരി മാസം 19 - ാം തീയതി
തിരുവല്ലാ ബഥനി അരമനയിൽ നിന്നും

യൂഹാനോൻ മാർ ക്രിസോസ്റ്റമോസ്
മെത്രാപ്പോലീത്താ.